# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2 — 26.09.2011-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ബി.ഡി.ദേവസ്സി<br>ശ്രീ. എം.എ. ബേബി<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

## പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത മുൻ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ

| | |
|---|---|
| (എ) 2011-12 സാമ്പത്തിക വർഷത്തേക്ക് മുൻ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിലെ ഏതെങ്കിലും നിർദ്ദേശങ്ങൾ ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഒഴിവാക്കപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ;<br><br>സി ഓരോ നിർദ്ദേശവും ഒഴിവാക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | 2011-12 സാമ്പത്തിക വർഷത്തേക്ക് മുൻ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിലെ ഇസ്ലാമിക് ബാങ്കിൽ നിന്ന് 40,000 കോടി സംഘടിപ്പിക്കാമെന്ന പ്രതീക്ഷയിൽ 2011-12 സാമ്പത്തിക വർഷത്തിലേക്ക് രൂപകല്പന ചെയ്ത റോഡ് വികസന പദ്ധതി പ്രായോഗിക കാരണങ്ങളാൽ നടപ്പിലാക്കാൻ കഴിയുന്നതല്ല എന്ന് ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് മുഖ്യ നിർദ്ദേശങ്ങൾ ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നിട്ടില്ല. എന്നാൽ പുതിയതായി ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും സുസ്ഥിര വികസനത്തിനും നല്ല റോഡുകൾ കൂടിയേ തീരു എന്നു മനസ്സിലാക്കി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ പ്രധാനപ്പെട്ട 1000 കിലോമീറ്റർ റോഡുകളെങ്കിലും നിലവാരമുയർത്തുവാൻ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെൻറ് പ്രോജക്ട് രൂപവൽക്കരിക്കാനുള്ള പുതിയ നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 1000 കോടി രൂപ ഉൾപ്പെടെ ഏതാണ്ട് 5100 കോടി രൂപ വേണ്ടി വരും. ഇതിലേക്കായി ബഡ്ജറ്റിൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സുപ്രധാന റോഡുകൾക്കും പാലങ്ങൾക്കും മുൻഗണനാക്രമമനുസരിച്ച് പുനഃക്രമീകരിച്ച ഭരണാനുമതി നൽകുന്നതാണ്. ഇതിലേക്കായി 125 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ